III ഇ.ബി. XII-കേരള നിയമസഭ /V-14

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 ജൂലായ് 12, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (*421, *422) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II. ശ്രദ്ധ ക്ഷണിക്കൽ

(1) മധ്യതിരുവിതാംകൂർ പ്രദേശത്ത് മാവേലിക്കര കേന്ദ്രമാക്കി ഒരു റീജണൽ പാസ്പോർട്ട് ഓഫീസ് അനുവദിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എം. മുരളി ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് മുഖ്യമന്ത്രി മറുപടി നൽകി.

(2) കൈത്തറിമേഖലയിലുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എൻ. അനിരുദ്ധൻ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

## III. സബ്മിഷൻ

(1) കോഴ വാങ്ങിയതുസംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറുപടി നൽകി.

(പ്രസ്തുത മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി പ്രസ്താവന നടത്തുകയും പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

(2) പി. എസ്. സി. ലിസ്റ്റ് മറികടന്ന് നടത്തുന്ന നിയമനങ്ങൾ സംബന്ധിച്ച് ശ്രീ. കെ. സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(3) അശോകന്റെ ദാരുണമായ കൊലപാതകം സംബന്ധിച്ച് ശ്രീ. എൻ. ശക്തൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മറുപടി നൽകി.

(4) ജലകായികമേള സ്പോർട്ട്സ് ഇനമായി പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി.കെ. സദാശിവൻ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) മനോജിന്റെ കസ്റ്റഡി മരണം സംബന്ധിച്ച് ശ്രീ. ജോസഫ് എം. പുതുശ്ശേരി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) കുന്നത്തൂർ പാവുമ്പയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി..

(7) പത്തനാപുരത്തെ ഷാജഹാന്റെ ഭാര്യ ഷമീനയുടെ ദുരൂഹമരണം സംബന്ധിച്ച് ശ്രീ. കെ. രാജു ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) റിട്ടയേർഡ് ജസ്റ്റീസ് കെ. ടി. തോമസിന്റെ വീട്ടിൽ നടന്ന കവർച്ച സംബന്ധിച്ച് ശ്രീ. വി. എൻ. വാസവൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി

(9) കോഴിക്കോട് ഗവൺമെന്റ് ഐ. ടി. ഐ.യ്ക്ക് "മികവിന്റെ കേന്ദ്രം" പദവി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ. പ്രദീപ്കുമാർ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(10) കൊച്ചി നഗരത്തിലെ ഹഡ്കോ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച് പ്രൊഫ. കെ. വി. തോമസ് ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(11) പി. എ. മുഹമ്മദ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിരുദ്ധമായി സ്വാശ്രയ കോളേജുകളുമായി ധാരണയാകുന്നത് സംബന്ധിച്ച് ശ്രീ. എ.പി. അനിൽകുമാർ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്കുവേണ്ടി പ്രീ-എക്സാമിനേഷൻ

ട്രെയിനിംഗ് സെന്റർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. വി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(13) പത്തനംതിട്ട ജില്ലാ ജനറൽ ആശുപത്രി വികസനം സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) പുറമ്പോക്ക് ഭൂമിയിലെ താമസക്കാരുടെ പുനരധിവാസം സംബന്ധിച്ച് ശ്രീമതി ഇ. എസ്. ബിജിമോൾ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(15) ചെങ്ങന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(16) വേമ്പനാട് കായൽ സംരക്ഷണ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി. എം. ദിനേശ് മണി ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(17) മഞ്ചേശ്വരത്തെ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് ശ്രീ. സി.എച്ച്. കുഞ്ഞമ്പു ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(18) കാർഷിക പദ്ധതികൾ ആരംഭിക്കുന്നതിലുള്ള കാലതാമസം സംബന്ധിച്ച് ശ്രീ. രാജാജി മാത്യു തോമസ് ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(19) കണ്ണൂരിൽ കർഷക കടാശ്വാസ കമ്മിഷൻ സിറ്റിംഗ് നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(20) മലബാർ പ്രദേശത്തെ പാരമ്പര്യ വൈദ്യൻമാർക്ക് ലൈസൻസ് പുതുക്കി കൊടുക്കുന്നത്സംബന്ധിച്ച് ശ്രീ. പി. കൃഷ്ണപ്രസാദ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(21) ട്രെയിൻ യാത്രയിൽ സ്ക്വാഡ് പരിശോധനയ്ക്കിടയിൽ നടക്കുന്ന അപകടങ്ങൾ സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന്

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി

(22) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(23) കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്നത് സംബന്ധിച്ച് ശ്രീ. ബി. ബാബു പ്രസാദ് ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

## IV. **റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V. ക്രമപ്രശ്നം

അടിയന്തിരപ്രമേയ നോട്ടീസുകൾ സബ്മിഷനായി ഉന്നയിക്കുന്ന അവസ്ഥയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്ന ശ്രീ. പി. ജയരാജന്റെ ക്രമപ്രശ്നത്തിന് സാധാരണഗതിയിൽ റൂൾ 304 അനുസരിച്ച് സബ്മിഷൻ അവതരിപ്പിച്ചാൽ അതിൻമേൽ ഒരു ചർച്ചയാകാൻ പാടില്ലാത്തതാണെന്നും സഭയുടെ നടപടിക്രമമനുസരിച്ച് സഭാനേതാവിനും പ്രതിപക്ഷ നേതാവിനും ചില പ്രത്യേക അവകാശങ്ങളുണ്ടെന്നും അടിയന്തിരപ്രമേയമായി അവതരിപ്പിക്കാൻ അനുവദിക്കാത്തത് സബ്മിഷനായി കൊടുക്കുന്ന കീഴ് വഴക്കമുണ്ടെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

## VI.ധനകാര്യം

<u>2007-2008 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻ മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 403,20,50,000 രൂപയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 18,32,43,000 രൂപയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 150,39,34,000 രൂപയും അനുവദിക്കണമെന്ന പ്രമേയം തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1131,14,55,000 രൂപ അനുവദിക്കണമെന്ന പ്രമേയം മരാമത്ത്

വകുപ്പുമന്ത്രിയും അവതരിപ്പിക്കുകയും പ്രമേയങ്ങളെ നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
3. ശ്രീ. മുഹമ്മദുണ്ണി ഹാജി
4. ശ്രീ. പി. തിലോത്തമൻ
5. പ്രൊഫ. എൻ. ജയരാജ്
6. ശ്രീ. എം. കെ. പ്രേംനാഥ്
7. ശ്രീ. വി. സുരേന്ദ്രൻപിള്ള
8. ശ്രീ. എ. എ. അസീസ്
9. ശ്രീമതി ജെ. അരുന്ധതി
10. ശ്രീ. തോമസ് ചാണ്ടി
11. ശ്രീ. പി. എം. എ. സലാം
12. ശ്രീ. എം. ജെ. ജേക്കബ്
13. ശ്രീ. അൽഫോൺസ് കണ്ണന്താനം

14. ശ്രീ. എം. എ. വാഹീദ്

15. ശ്രീ. ജോർജ് എം. തോമസ്

16. ശ്രീ. കെ. അജിത്

17. ശ്രീ. വി. ജെ. തങ്കപ്പൻ

18. ശ്രീ. കെ. ബാബു

ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയ്ക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയും മരാമത്ത് വകുപ്പുമന്ത്രിയും മറുപടി നൽകി.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും 28-നെതിരെ 71 വോട്ടുകളോടെയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥന 28-നെതിരെ 72 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2007 ജൂലായ് മാസം 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.16-ന് പിരിഞ്ഞു.